തുമ്പമൺ—പരിയാരം റോഡിന്റെ പണി.

295. [26] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര പി. ഡബ്ലിയു. ഡി. സബ് ഡിവിഷനിൽപ്പെട്ട തുമ്പമൺ-പരിയാരം റോഡിന്റെ പണി ഏതു നിലയിലിരിക്കുന്നു; ടി ജോലി ഉടൻ പൂർത്തിയാക്കുമോ ?

ഉത്തരം.

മൺവേലയും മറ്റും പൂർത്തിയായിക്കഴിഞ്ഞു. മെറ്റൽ സപ്ലൈ ആരംഭിച്ചു. രണ്ടുമാസത്തിനകം ജോലി പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

കടമ്മനിട്ട—വയലത്തല—പൊതമൺറോഡ്

296. [27] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട താലൂക്കിൽ കടമ്മനിട്ട—വയലത്തല-പൊതമൺ റോഡ് ഗവണ്മെന്റ് ഏറ്റെടുക്കണമെന്നു കാണിച്ച് വല്ല നിവേദനവും ഗവണ്മെന്റിൽ കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതെപ്പറ്റി എന്തു നടപടി എടുത്തിട്ടുണ്ട് ?

ഉത്തരം.

(എ) ഉണ്ട്.

(ബി) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ വി. ആർ. ഡി. സ്കീമിൽ ഉൾപ്പെടുത്തി ഈ റോഡ് നന്നാക്കാൻ ഉദ്ദേശിക്കുന്നു.

കുട്ടനാട് വികസനപദ്ധതി.

297. [28] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് വികസനപദ്ധതിയുടെ ടാർജറ്റ് പൂർത്തിയായിട്ടുണ്ടോ ; എന്താണ് ടാർജറ്റ്; ഒരു കോടി രൂപാ ചെലവാക്കുമെന്നതാണോ, അതോ 1,21,000 ഏക്കർ ഒരുപ്പുനിലം ഇരുപ്പുവാക്കുമെന്നതാണോ;

(ബി) തണ്ണീർമുക്കത്തു വേമ്പനാട്ടുകായലിൽ കുറുക്കെ ബണ്ടിടണമെന്ന പദ്ധതിയുടെ ഭാഗം നടത്താത്തതെന്തുകൊണ്ട് ; ബണ്ടിട്ടാൽ കൊച്ചിത്തുറമുഖത്തിന് എന്തു തകരാറ് ഉണ്ടാകുമെന്നാണ് ഗവണ്മെന്റ് യെപ്പെടുന്നതു ; ആ ഭയത്തിന് എന്തടിസ്ഥാനമാണുള്ളതു ;

(സി) പദ്ധതിയുടെ ഒറിജിനൽ എസ്റ്റിമേറ്റിനേക്കാൾ 20 ലക്ഷംകൂടി ഉയർന്ന ഒരു റിവൈസ്ഡ് എസ്റ്റിമേറ്റ് സ്വീകരിക്കുവാൻ കാരണമെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly